**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** **09-06-2021 - ൽ മറുപടിയ്ക്ക്**

**മൂർത്തനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന മൂർത്തനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; ഇനി പൂർത്തീകരിയ്ക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; അറിയിക്കാമോ; | (എ) | മൂർത്തനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ളുതപ്പുഴയിൽ നിലപ്പറമ്പ് കടവിൽ 10 മീറ്റർ വ്യാസമുള്ള കിണർ, പമ്പ്ഹൗസ്, തുടിയറാട്ടുകുന്നിൽ 15 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണശാല, 3350 മീറ്റർ ദൈർഘ്യമുള്ള 500 എം.എം റാ -വാട്ടർ പമ്പിങ്മെയ്ൻ, 330 H .P പമ്പ് സെറ്റ് 6.25 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി, 400 എം.എം, 200 എം.എം, 100 എം.എം ഡി.ഐ പൈപ്പ് സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, 5.81 ലിറ്റർ , 5.10 ലക്ഷം ലിറ്റർ ശേഷി വീതമുള്ള ഉന്നതതല ജല സംഭരണികൾ, 3065 മീറ്റർ ദൈർഘ്യത്തിൽ 300 എം,എം ഡി.ഐ ഗ്രാവിറ്റി മെയ്ൻ, 1092 മീറ്റർ ദൈർഘ്യത്തിൽ 250 എം,എം ഡി.ഐ ഗ്രാവിറ്റി മെയ്ൻ, 240 കിലോമീറ്റർ വിതരണ ശൃംഖല എന്നീ പ്രവൃത്തികൾ ദേശിയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂർത്തനാട് കുടിവെള്ളപദ്ധതിയുടെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ വീട്ടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ട് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഏതെല്ലാം ഇനത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇനി വിനിയോഗിക്കാൻ ബാക്കിയുള്ള ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ പദ്ധതിക്കായി ദേശിയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 5674.32 ലക്ഷം രൂപയുടെ അനുമതിയാണ് നൽകിയിരുന്നത്. പ്രസ്തുത തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് ശീർഷകങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം - 2- ൽ ചേർത്തിരിക്കുന്നു. |
| (സി) | നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകൾ | (സി) | ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ട്; ഇനി എത്ര കണക്ഷനുകൾ നൽകാൻ ബാക്കിയുണ്ട്; പദ്ധതി പൂർത്തീകരിക്കുമ്പോൾ എത്ര കണക്ഷനുകൾ നൽകാൻ കഴിയും; വിശദമാക്കുമോ; | | 1 ൽ ചേർത്തിരിക്കുന്നു |
| (ഡി) | പദ്ധതിയുടെ ജലസ്രോതസ്സ് നിലനിറുത്തുന്നതിന് സഹായകരമായ കീഴ്പറി മോദിക്കയം റഗലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആയതിന്റെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കീഴ്പറി മോദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി സർക്കാർ 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ. ഐ. ഐ. ഡി. സി) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി. പി. ആർ) തയ്യാറാക്കി ധനസഹായത്തിനായി കിഫ്ബിയിൽ സമർപ്പിച്ച് 67.64 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. കെ. ഐ. ഐ. ഡി. സി യുടെ ടെക്നിക്കൽ കമ്മിറ്റി 22.11.2019 ന് 66.94 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും പ്രീക്വാളിഫിക്കേഷൻ സമ്പ്രദായത്തിൽ 23.11.2019 ന് ടെൻഡർ ചെയ്യുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 18 മാസമാണ് പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി. പ്രസ്തുത പ്രവൃത്തിയിൽ ഇടത് അബട്മെന്റ്, റാഫ്റ്റ് ഫൗണ്ടേഷൻ, 2 പിയറുകളുടെ ഓപ്പൺ ഫൂട്ടിംഗ്, 3 പിയറുകളുടെ പൈൽ ഫൗണ്ടേഷൻ 1.5 മീറ്റർ ഉയരത്തിൽ 2 പിയറുകളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| അനുബന്ധം-1 | | | | | | |
|---|---|---|---|---|---|---|
| മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്ത്കളിലെ വീട്ടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ട് ജല ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ | | | | | | |
| ക്രമ നം. | പദ്ധതിയുടെ പേര് | ആകെ കണക്ഷനുകൾ | പൂർത്തീകരിച്ച കണക്ഷനുകൾ | പൂർത്തീകരിക്കാനുള്ള കണക്ഷനുകൾ | എസ്റ്റിമേറ്റ് തുക | നിലവിലെ അവസ്ഥ |
| 1 | ജല ജീവൻ മിഷൻ - ഫേസ്-1- കുട്ടിലങ്ങാടി പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 2820 | 2085 | 735 | 450.00 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| 2 | ജല ജീവൻ മിഷൻ - ഫേസ്-2- കുട്ടിലങ്ങാടി പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 1436 | 0 | 1436 | 784.00 | പ്രവൃത്തി അവാർഡ് ചെയ്തു |
| 3 | ജല ജീവൻ മിഷൻ - ഫേസ്-1- കുറുവ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 1000 | 1000 | 0 | 210.00 | പൂർത്തീകരിച്ചു |
| 4 | ജല ജീവൻ മിഷൻ - ഫേസ്-2- കുറുവ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും- സോൺ 2 | 6454 | 0 | 6454 | 1641.00 | പ്രവൃത്തി അവാർഡ് ചെയ്തു |
| 5 | ജല ജീവൻ മിഷൻ - ഫേസ്-1- മക്കരപ്പറമ്പ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 1915 | 1392 | 523 | 376.00 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 6 | ജല ജീവൻ മിഷൻ – ഫേസ്–2– മക്കരപ്പറമ്പ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും– സോൺ 2 | 1409 | 0 | 1409 | 310.00 | പ്രവൃത്തി അവാർഡ് ചെയ്തു |
| 7 | ജല ജീവൻ മിഷൻ – ഫേസ്–1– മങ്കട പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 1000 | 306 | 694 | 310.00 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| 8 | ജല ജീവൻ മിഷൻ – ഫേസ്–1– മൂർക്കനാട് പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 2000 | 1691 | 309 | 371.00 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| 9 | ജല ജീവൻ മിഷൻ – ഫേസ്–2– മൂർക്കനാട് പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 4456 | 0 | 4456 | 1048.00 | പ്രവൃത്തി അവാർഡ് ചെയ്തു |
| 10 | ജല ജീവൻ മിഷൻ – ഫേസ്–1– പുഴക്കാട്ടിരി പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും | 1500 | 1500 | 0 | 370.00 | പൂർത്തീകരിച്ചു |
| 11 | ജല ജീവൻ മിഷൻ – ഫേസ്–2– പുഴക്കാട്ടിരി പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും– സോൺ 1 | 1685 | 717 | 968 | 613.00 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| | ആകെ | 25675 | 8691 | 16984 | 6483.00 | |

അനുബന്ധം 2

## മൂർക്കനാട് പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് ശീർഷകങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മൈനോറിറ്റി– കുറുവ പഞ്ചായത്തിലെ പള്ളിയാരൻകുന്ന്– പിച്ചൻകുളമ്പ കുടിവെള്ള പദ്ധതി– | 7.70 | പൂർത്തീകരിച്ചു |
| 2 | മൈനോറിറ്റി– കുറുവ പഞ്ചായത്തിലെ പടലംകുന്ന്– കാലൻതോടൻകുളമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി– | 8.00 | പൂർത്തീകരിച്ചു |
| 3 | മൈനോറിറ്റി– കുറുവ പഞ്ചായത്തിലെ മാന്നാർപടി സദ്ദാം കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ –വാർഡ് 4 | 5.80 | പൂർത്തീകരിച്ചു |
| 4 | മൈനോറിറ്റി– കുറുവ പഞ്ചായത്തിലെ സ്കൂൾപടി പാറളിക്കുളമ്പ്പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5.50 | പൂർത്തീകരിച്ചു |
| 5 | എൽ.എ.സി.എ.ഡി.എസ്– കൂട്ടിലങ്ങാടി പഞ്ചായത്തിലെ നം5,7,9,10,12,13,16&19 വാർഡുകളിലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ | 25.00 | പൂർത്തീകരിച്ചു |
| 6 | എൽ.എ.സി.എ.ഡി.എസ്– പുഴക്കാട്ടിരി പഞ്ചായത്തിലെ നം: 4,8,9,12,13&16 വാർഡുകളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി | 26.00 | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 7 | എൽ.എ.സി.എ.ഡി.എസ്– സി.എ.ആർ.ഡബ്ല്യൂ.എസ്.എസ് മൂർക്കനാട്ടും അനുബന്ധ വില്ലേജുകളും– കുറുവ പഞ്ചായത്തിലെ ചന്തക്കുളമ്പ് ചെറുപറമ്പ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി | 25.00 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| 8 | എൽ.എ.സി.എ.ഡി.എസ്– മൂർക്കനാട് പഞ്ചായത്തിലെ 1,4,5,6,7,8,& 19 ഭാഗത്തേക്ക് വിതരണ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി | 35.00 | പൂർത്തീകരിച്ചു |
| 9 | എൽ.എ.സി.എ.ഡി.എസ്– പുഴക്കാട്ടിരി പഞ്ചായത്തിലെ 1,2,3,4,5,7,11,13& 15 ഭാഗത്തേക്ക് വിതരണ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി | 50.00 | പൂർത്തീകരിച്ചു |
| 10 | എൽ.എ.സി.എ.ഡി.എസ്– പുഴക്കാട്ടിരി പഞ്ചായത്തിലെ വാർഡ്13 ൽ പാലക്കപ്പറമ്പ് ഭാഗത്തേക്ക് വിതരണ ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി | 15.00 | പൂർത്തീകരിച്ചു |
| 11 | എൽ.എ.സി.എ.ഡി.എസ്– സി.എ.ആർ.ഡബ്ല്യൂ.എസ്.എസ് മൂർക്കനാട്ടും അനുബന്ധ വില്ലേജുകളും– മൂർക്കനാട് പഞ്ചായത്തിലെ വാർഡ് 1 മുതൽ 19 വരെ (13,15,&19 വാർഡ് ഒഴികെ) ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി | 40.00 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| 12 | എം.എൽ.എ.എ.ഡി.എസ്– മക്കരപ്പറമ്പ പഞ്ചായത്തിലെ 1,4,5,6,7,8,& 12 ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി | 35.00 | വർക്ക് അവാർഡ് ചെയ്തു |
| 13 | എം.എൽ.എ.എ.ഡി.എസ്– മക്കരപ്പറമ്പ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി | 15.00 | റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 14 | സ്റ്റേറ്റ്പ്ലാൻ 2018-19- സി.എ.ആർ.ഡബ്ല്യൂ.എസ്.എസ് മൂർക്കനാട്ടും അനുബന്ധ വില്ലേജുകളും- പുഴക്കാട്ടിരി പഞ്ചായത്തിലെ വാർഡ് നം.4 ലെ പനങ്ങാങ്ങര ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി- | | 20.00 | വർക്ക് അവാർഡ് ചെയ്തു |
| 15 | സ്റ്റേറ്റ്പ്ലാൻ 2018-19- മങ്കട ശുദ്ധ ജല വിതരണ പദ്ധതി - മങ്കട ടൗണിൽ 110 പിവിസി പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | | 9.30 | പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| 16 | സ്റ്റേറ്റ്പ്ലാൻ 2018-19- മക്കരപ്പറമ്പ കൽബ ജംഗ്ഷനിൽ 80 എംഎം എസി വിതരണ മെയിൻ മാറ്റി 80 എംഎം പൈപ്പ് സ്ഥാപിക്കൽ | | 12.00 | പൂർത്തീകരിച്ചു |